പ്രളയ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മാരാരിക്കുളം നിയോജകമണ്ഡലത്തിലെ റോഡുകൾ

1312 [1961] ശ്രീ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയ ദുരിതാശ്വാസ പരിപാടിയിൽ ഉൾപ്പെടുത്തി മാരാരിക്കുളം നിയോജകമണ്ഡലത്തിൽ നന്നാക്കുന്നതിനായി ഏതെല്ലാം വില്ലേജ് റോഡുകളുടെ പേരാണ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത് ;

(ബി) ഈ റോഡുകൾക്കെല്ലാംകൂടി എന്തു തുക എസ്റ്റിമേറ്റുണ്ട് ;

(സി) വെള്ളപ്പൊക്കത്തെത്തുടർന്ന് നാശനഷ്ടം നേരിട്ട ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾ ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കുമോ ?

ഉത്തരം

(എ) വെള്ളപ്പൊക്കത്തെ തുടർന്ന് നാശനഷ്ടം സംഭവിച്ച വില്ലേജ് റോഡുകളുടെ പട്ടിക സർക്കാരിന് സമർപ്പിക്കണമെന്ന് ചീഫ് എൻജിനിയർ (ബിൽഡിംഗ്സും ലോക്കൽ വർക്ക്സും) ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) അറ്റകുറ്റപ്പണികൾ ഈ സാമ്പത്തികവർഷത്തിനകം പൂർത്തീകരിച്ചിരിക്കണമെന്ന കേന്ദ്രസർക്കാരിന്റെ നിർദ്ദേശം പാലിക്കുന്നതാണ്.

കൊടുങ്ങല്ലൂർ താലൂക്കിൽ പുതിയ വില്ലേജ് ആഫീസുകൾ

1313 [1964] ശ്രീ. വി.കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ നിന്നും എത്ര വില്ലേജാഫീസുകൾ കൊടുങ്ങല്ലൂർ താലൂക്കിൽ നിർമ്മിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം ;

(സി) ഇതിനായി സെപ്റ്റംബർ 30 വരെ എത്ര സംഖ്യ ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ മാത്രമായി വില്ലേജ് ആഫീസ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

കുണ്ടറ ആസ്ഥാനമാക്കി താലൂക്ക്

1314 [1966] ശ്രീ. തോപ്പിൽ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly